# KERALA POLICE INFORMATION CENTRE

**No.** 25/PR/PIC/PHQ/10 **Date :05/04/10**

## കേരളാ പോലീസിൽ കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നു.

കേരളാ പോലീസ് ടീമുകൾ പുന:സംഘടിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ ആരംഭിച്ചു. അത്‌ലറ്റിക്സ്, വോളിബോൾ, ഫുട്ട്ബോൾ, ബാസ്ക്കറ്റ്ബോൾ എന്നീ ഇനങ്ങളിലാണ് ആദ്യപടിയായി ടീമുകൾ രൂപീകരിക്കുന്നത്. സംസ്ഥാന, ദേശീയ രംഗങ്ങളിൽ മികവ് തെളിയിച്ച കായിക താരങ്ങളെയാണ് നേരിട്ട് പോലീസിൽ നിയമിക്കുന്നത്. ഇത്തരത്തിൽ മികവുറ്റ 64 കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്. G.O -R.T.No. 1154/2010/Home തീയതി 30-03-2010 പ്രകാരം കായികതാരങ്ങളെ നിയമിക്കുന്നതിന് സർക്കാർ അനുമതി ലഭിക്കുകയുണ്ടായി.

തിരഞ്ഞെടുക്കുന്ന കായികതാരങ്ങളെ ആംഡ് പോലീസ് ബറ്റാലിയനിൽ ഹവീൽദാർ ആയാണ് നിയമിക്കുന്നത്. ഡയറക്ടർ ജനറൽ ഓഫ് പോലീസ് ചെയർമാൻ ആൻഡ് കൺവീനറും പോലീസ് ഡിപ്പാർട്ടുമെന്റിലെ സെൻട്രൽ സ്പോർട്സ് ഓഫീസർ, കേരള സ്പോർട്സ് കൗൺസിലിലെ ടെക്നിക്കൽ എക്സ്പേർട്ട്, ഓരോ വിഭാഗത്തിലെയും കഴിവുറ്റ രണ്ടു കായികതാരങ്ങൾ എന്നിവർ മെമ്പർമാർ ആയിട്ടുള്ള ഒരു സ്പെഷ്യൽ സ്ക്രീനിംഗ് കമ്മിറ്റി 1997 ൽ ഗവൺമെന്റ് നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും കായികതാരങ്ങളെ തിരഞ്ഞെടുക്കുന്നത്.

The contents of this document may be deemed to be based on received information which is subject to further verification